ജന്മഭൂമി

24 November 2017

# വികസന പദ്ധതികൾക്ക് നീതി ആയോഗ് പിന്തുണക്കും

**കൊച്ചി:** നൂതന വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നീതി ആയോഗിന്റെ പൂർണ പിന്തുണയുണ്ടാകുമെന്ന് നീതി ആയോഗ് അംഗവും പ്രമുഖ കാർഷിക സാമ്പത്തിക ശാസ്ത്രജ്ഞനുമായ പ്രൊഫ. രമേശ് ചന്ദ്. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ ശാസ്ത്രജ്ഞരുമായി സംവദിക്കുകയായിരുന്നു അദ്ദേഹം.

പുതുമയുള്ള ആശയങ്ങൾക്ക് പണത്തേക്കാൾ മൂല്യമുണ്ട്. മീനിന് താങ്ങുവില ഏർപ്പെടുത്തുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. വിലത്തകർച്ചയിലൂടെയുള്ള പ്രതിസന്ധി മറികടക്കാൻ മത്സ്യോൽപാദന സംഘങ്ങൾ രൂപീകരിക്കുന്നത് ഗുണകരമാകുമെന്നും പ്രൊഫ. രമേശ് ചന്ദ് പറഞ്ഞു. സമുദ്രമത്സ്യ മേഖലയിൽ സിഎംഎഫ്ആർഐ നടത്തിവരുന്ന ഗവേഷണ പ്രവർത്തനങ്ങൾ കുറിച്ച് ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ വിശദീകരിച്ചു.